"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം ജില്ല പഞ്ചായത്തിന്റെ 2008-09 വർഷത്തെ പ്രോജക്ടായ ഇടക്കോലി തോടിന് കുറുകെ ചെക്ക് ഡാം നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പൊട്ടിച്ചെടുത്ത പാറ, ഉഴവൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1467/2024/LSGD തീയതി,തിരുവനന്തപുരം, 07-08-2024

---

പരാമർശം:- കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.03.2018, 01.12.2023 എന്നീ തീയതികളിലെ ഡി3-5127/09(3) നമ്പർ കത്തുകൾ

**ഉത്തരവ്**

കോട്ടയം ജില്ല പഞ്ചായത്തിന്റെ 2008-09 വർഷത്തെ പ്രോജക്ടായ ഇടക്കോലി തോടിന് കുറുകെ ചെക്ക് ഡാം നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പൊട്ടിച്ചെടുത്ത പാറ, ഉഴവൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ നടപടി തെറ്റാണെന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാരിൽ നിന്ന് സാധൂകരണം നൽകണമെന്ന് സെക്രട്ടറി പരാമർശം പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

പഞ്ചായത്തീരാജ് നിയമപ്രകാരം തോടുകളും നീർച്ചാലുകളും മറ്റ് അനുബന്ധ പ്രകൃതിജന്യ ഉറവിടങ്ങളും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. അവയിൽനിന്ന് ലഭിക്കുന്ന വരുമാനവും ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടേണ്ടതാണ്. ജില്ലാപഞ്ചായത്ത് ചെക്ക് ഡാം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് പൊട്ടിച്ചെടുത്ത പാറയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിനാണ്, ജില്ലാപഞ്ചായത്തിനല്ല. ഗ്രാമപഞ്ചായത്തിന് പാറ വിട്ടുകൊടുത്ത ജില്ലാപഞ്ചായത്തിന്റെ നടപടി നിയമപ്രകാരം ശരിയാണ്.

അതിനാൽ കോട്ടയം ജില്ല പഞ്ചായത്തിന്റെ 2008-09 വർഷത്തെ പ്രോജക്ടായ ഇടക്കോലി തോടിന് കുറുകെ ചെക്ക് ഡാം നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പൊട്ടിച്ചെടുത്ത പാറ, ഉഴവൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം ജില്ലാപഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(AA2/38/2023-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Reji R S
Date: 08-08-2024 12:07:56